വാട്ടർ അതോറിറ്റിയിൽ ഫിനാൻസ് മാനേജർ ആൻറ് ചീഫ് അക്കൗണ്ട്സ് ആഫീസറുടെ നിയമനം.

270. [442] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984-ൽ വാട്ടർ അതോറിറ്റിയിൽ സൃഷ്ടിച്ച ഫിനാൻസ് മാനേജർ ആൻറ് ചീഫ് അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്കുള്ള യോഗ്യതയും നിയമന രീതിയും എന്തെല്ലാം ;

(ബി) ഈ തസ്തികയിൽ ഇപ്പോഴും റീ എംപ്ലോയ്മെൻറ് മുഖേന ജോലി നോക്കുന്ന ഉദ്യോഗസ്ഥൻെറ നിയമന കാലാവധി എന്നുവരെയാണ് ;

(സി) 1985-ൽ അതോറിറ്റിയിൽ ഉയർന്ന ശമ്പള സ്കെയിലിൽ സൃഷ്ടിച്ച രണ്ടാമത്തെ ഫിനാൻസ് മാനേജർ ആൻറ് ചീഫ് അക്കൗണ്ട്സ് ആഫീസർക്കുള്ള യോഗ്യതയും നിയമന രീതിയും എന്താണ് ;

(ഡി) അതോറിറ്റിയിൽ രണ്ട് ഫിനാൻസ് മാനേജർ ആൻറ് ചീഫ് അക്കൗണ്ട്സ് ആഫീസർ തസ്തികയുടെ രണ്ടു ശമ്പള സ്കെയിലിൽ നില നിർത്തിയിരിക്കുന്നതിനു കാരണമെന്ത് ?

ഉത്തരം

(എ) 1984-ൽ സൃഷ്ടിച്ച ഫൈനാൻസ് മാനേജർ ആൻറ് ചീഫ് അക്കൗണ്ട്സ് ഓഫീസർ തസ്തികയിലേക്ക് അതോറിറ്റി തുടങ്ങിയ കാലയളവിൽ പരീക്ഷായോഗ്യതയും നിയമന രീതിയും തീരുമാനിച്ചിരുന്നില്ല. എന്നാൽ പിന്നീട് ഈ തസ്തികയ്ക്ക് പരീക്ഷായോഗ്യതയും നിയമന രീതിയും ഗവൺമെൻറ് തിരുമാനിച്ചത് താഴെ പറയുന്നവയാണ്.

പരീക്ഷാ യോഗ്യത :—ചാർട്ടേഡ് അക്കൗണ്ടൻറ് പരീക്ഷ പാസാകുകയും ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളിലോ ചാർട്ടേഡ് അക്കൗണ്ടൻറ് കമ്പനികളിലോ ചുരുങ്ങിയത് അഞ്ചു വർഷത്തെ പ്രവർത്തി പരിചയം.

(ബി) നിയമന രീതി നേരിട്ടുള്ള നിയമനം. 31-8-1986 വരെ.

(സി) 1985-ൽ പുതുതായി അഡൈ്വസർ (ഫിനാൻസ്) എന്ന തസ്തികയാണ് സൃഷ്ടിച്ചിട്ടുള്ളത്. ഫിനാൻസ് മാനേജർ ആൻറ് ചീഫ് അക്കൗണ്ട്സ് ഓഫീസർ തസ്തികയുടെ നിയമന രീതിയും (എ) വിഭാഗം ചോദ്യത്തിനുള്ള ഉത്തരത്തിൽ നൽകിയിട്ടുണ്ട്.

(ഡി) (എ) വിഭാഗത്തിനും (സി) വിഭാഗത്തിനും നൽകിയിട്ടുള്ള ഉത്തരത്തിൻെറ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

ജല മലിനജല അതോറിറ്റിയിൽ പുനർ നിയമനം ലഭിച്ചവർ

271. [443] ശ്രീ. ഇ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജല മലിന ജല അതോറിറ്റി നിലവിൽ വന്നശേഷം അതോറിറ്റിയിൽ നിയമിക്കപ്പെട്ട ഓഫീസൻമാരിൽ പെൻഷൻ പറ്റി വിരമിച്ചിട്ട് പുനർ നിയമനം ലഭിച്ചവർ എത്ര ; ഓരോരുത്തരുടെയും വാർഷിക ശമ്പളം എത്ര വീതം ;

(ബി) ഇവരുടെ നിയമന കാലാവധി എത്രയാണ് ?

LIBRARY ARCHIVES Kerala Legislative Assembly